LIBRARY ARCHIVES Kerala Legislative Assembly

പോലീസുകാരുടെ ജോലിസമയം

32 [33] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസുകാരുടെ ജോലിസമയം എട്ട് മണിക്കൂറായി നിജപ്പെടുത്തി ഉത്തരവായിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര സ്റ്റേഷനുകളിൽ ഈ ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് ശേഷിക്കുന്ന പോലീസ് സ്റ്റേഷനുകളിൽ ഈ സംവിധാനം എന്നത്തേക്ക് പ്രാവർത്തികമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) പോലീസ് സേനയുടെ ജോലിഭാരം കുറയ്ക്കുന്നതിന് ആദ്യ നടപടി എന്ന നിലയ്ക്ക് ഭരണ നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി തിരഞ്ഞെടുത്ത 57 പോലീസ് സ്റ്റേഷനുകളിൽ ജോലി സമയം 8 മണിക്കൂർ ആക്കി നിജപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.പ്രസ്തുത പോലീസ് സ്റ്റേഷനുകളിൽ അംഗബലം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള പോലീസ് ഡയറക്ടർ ജനറലിന്റെ പ്രൊപ്പോസൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(സി) പോലീസുകാരുടെ ജോലിസമയം 8 മണിക്കൂർ ആക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ പരീക്ഷണാടിസ്ഥാനത്തിൽ 57 പോലീസ് സ്റ്റേഷനുകളിൽ ഡ്യൂട്ടി സമയം 8 മണിക്കൂർ ആയി നിശ്ചയിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. സർക്കാരിന്റെ സാമ്പത്തിക പരിമിതിമൂലം ഇതിനാവശ്യമായ അധിക തസ്തിക ഇതേവരെയും സൃഷ്ടിച്ചിട്ടില്ല. സർക്കാരിന്റെ സാമ്പത്തികനിലകൂടി കണക്കിലെടുത്ത് സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും പോലീസുകാരുടെ ജോലിസമയം 8 മണിക്കൂറായി നിജപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

കേരളത്തിലെ പോലീസ് സേനാംഗങ്ങളുടെ ആരോഗ്യ സ്ഥിതി മെച്ചപ്പെടുത്തുന്നതിന് പദ്ധതി

33 [34] ശ്രീ. തോമസ് ചാഴികാടൻ:

,, കെ. നാരായണക്കുറുപ്പ്:

,, റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പോലീസ് സേനാംഗങ്ങളുടെ ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുന്നതിന് പുതിയ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഇതുസംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;